പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 703 07.01.2014 ൽ മറുപടിക്ക്

## ആധാർ കാർഡ് രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ആധാർ രജിസ്റ്ററിൽ പേര് ചേർക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ആധാർ എൻറോൾമെന്റ് മൂലം പൗരന് എന്തു നേട്ടമാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;<br>(സി) ആധാർ കാർഡ് എന്തെല്ലാം ആവശ്യങ്ങൾക്ക് പൗരന് ഉപയുക്തമാകും; വിശദമാക്കുമോ; | (ബി) & (സി) 12 അക്ക തിരിച്ചറിയൽ നമ്പറായ ആധാർ ഒരു തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാം. എല്ലാ വിഭാഗം ജനങ്ങൾക്കും പ്രത്യേകിച്ച് പാവപ്പെട്ടവർക്ക് സർക്കാർ ഗുണഫലങ്ങൾ ഇടനിലക്കാരില്ലാതെ നേരിട്ട് ലഭ്യമാക്കുവാൻ ആധാർ കാർഡ് സഹായമാകും. സർക്കാർ സേവനങ്ങളും ഗുണഫലങ്ങളും കാര്യക്ഷമമായും സുതാര്യമായും കാലതാമസമില്ലാതെയും ലഭ്യമാക്കുവാൻ കഴിയുമെന്നതിനാൽ എല്ലാ വിഭാഗം ജനങ്ങൾക്കും ആധാർ പ്രയോജനകരമാകും. |

(ഡി) രാജ്യത്തെ ഒരു പൗരന് നൽകുന്ന ആധികാരിക തിരിച്ചറിയൽ രേഖയാണ് 'ആധാർ' കാർഡ് എന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) വ്യക്തികൾക്ക് സവിശേഷ തിരിച്ചറിയൽ നമ്പർ നൽകുന്നതിന് വേണ്ടിയാണ് കേന്ദ്ര സർക്കാർ ആധാർ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ആധാർ ഒരു ആധികാരിക തിരിച്ചറിയൽ രേഖയായി അംഗീകരിച്ച് കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) ആധാർ കാർഡിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നത് ആരാണെന്നും അവരെ നിയോഗിച്ചത് ആരാണെന്നും രാജ്യത്ത് നിലനൽക്കുന്ന ഏതു നിയമ ത്തിന്റെ അടിസ്ഥാനത്തിലാണ് ആധാർ കാർഡിന് രജിസ്റ്റർ ചെയ്യുന്നതെന്നും വ്യക്തമാക്കുമോ ?

(ഇ) ആധാർ രജിസ്ട്രേഷനായി കെൽ ട്രോൺ, അക്ഷയ, ഐ.റ്റി@ സ്കൂൾ എന്നീ ഏജൻസികളെ സംസ്ഥാന സർക്കാർ നിയോഗിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ ആവിഷ്കരിച്ച നടപ്പാക്കുന്ന UID സ്കീം പ്രകാരമാണ് ആധാർ റജിസ്ട്രേഷൻ കേരളത്തിലും നടപ്പാക്കുന്നത്.

സെക്ഷൻ ഓഫീസർ